നടപടികൾ പൂർത്തീകരിച്ചു മാത്രമേ കേന്ദ്ര വനം പരിസ്ഥിതി വകുപ്പിന്റെ അനുമതിക്കായി സമർപ്പിക്കാൻ കഴിയൂ.

വൈദ്യുതി ബോർഡിന്റെ നഷ്ടം

12 [2001] ശ്രീ. ജി. കാർത്തികേയൻ:
,, സി. പി. മുഹമ്മദ്:
,, വി. ഡി. സതീശൻ:
,, ജി. പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വൈദ്യുതി ബോർഡിന്റെ നഷ്ടം കുറഞ്ഞു വരുന്നുണ്ടോ;

(ബി) ഇക്കഴിഞ്ഞ 3 വർഷങ്ങളിൽ ഓരോന്നിലും വൈദ്യുതി ബോർഡിന്റെ നഷ്ടം എത്ര വീതമായിരുന്നു;

(സി) വൈദ്യുതി ബോർഡിന്റെ നഷ്ടം എന്നത്തേക്ക് ഇല്ലാതാകുമെന്നാണ് പ്രതീക്ഷിക്കുന്നത്?

ഉത്തരം

(എ) ഉണ്ട്.

(ബി) 2002-03-ലെ ആഡിറ്റ് ചെയ്ത കണക്കുകൾ പ്രകാരം ബോർഡിന്റെ നഷ്ടം (റവന്യൂ ഡെഫിസിറ്റ്) 1015.57 കോടി രൂപയാണ്. 2003-04-ലെ താൽക്കാലിക കണക്കുകൾ പ്രകാരം ബോർഡിന്റെ റവന്യൂ ഡെഫിസിറ്റ് 1007.43 കോടി രൂപയായി കുറഞ്ഞു. 2004-05-ലെ താൽക്കാലിക കണക്കുകൾ പ്രകാരം ഉദ്ദേശം 350 കോടി രൂപയായി കുറയും എന്ന് കണക്കാക്കിയിട്ടുണ്ട്.

(സി) അടുത്ത രണ്ടു മൂന്നു വർഷങ്ങൾകൊണ്ട് നല്ല രീതിയിൽ പ്രവർത്തനം നടത്തുകയും മൺസൂൺ നല്ല രീതിയിൽ ലഭിക്കുകയും ചെയ്യുകയാണെങ്കിൽ നഷ്ടം ഇല്ലാതാക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

വൈദ്യുതി മോഷണം

13 [2002] ഡോക്ടർ എം. എ. കുട്ടപ്പൻ:
ശ്രീ. കെ. സി. ജോസഫ്:
,, എം. എം. ഹസ്സൻ:
പ്രൊഫസർ എ. ഡി. മുസ്തഫ:
ശ്രീ. വി. ഡി. സതീശൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു വർഷം ശരാശരി എന്ത് തുകയ്ക്കുള്ള വൈദ്യുതി മോഷണം ഉണ്ടാകുന്നതായാണ് കണക്കാക്കിയിട്ടുള്ളത്;

(ബി) ഇത് ഒരു വർഷം ഉണ്ടാകുന്ന ശരാശരി നഷ്ടത്തിന്റെ എത്ര ശതമാനമാണ്;

(സി) 25 ലക്ഷം രൂപയിൽ കൂടുതലുള്ള വൈദ്യുതി മോഷണം കണ്ടുപിടിച്ച എത്ര സംഭവങ്ങൾ ഇക്കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ ഉണ്ടായിട്ടുണ്ട്?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ബോർഡിന്റെ മൊത്തമുള്ള വൈദ്യുതി പ്രസരണ-വിതരണ-വാണിജ്യ നഷ്ടമായ 25.39%ത്തിൽ ഏകദേശം 4%ത്തോളം വൈദ്യുതി മോഷണംമൂലമുള്ള നഷ്ടമാണ്.

(ബി) 2.44%.

(സി) 14 എണ്ണം.

വിദ്യാലയങ്ങളിൽ നിന്നും ഈടാക്കുന്ന വൈദ്യുതി നിരക്ക്
ഗാർഹിക വൈദ്യുതി നിരക്കാക്കാൻ നടപടി

14 [2003] ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി ഉപഭോക്താക്കളിൽനിന്നും ഏതെല്ലാം രീതിയിലുള്ള നിരക്കുകളാണ് ഈടാക്കുന്നത് എന്ന് വിശദീകരിക്കാമോ;

(ബി) വീടുകൾക്കും വിദ്യാലയങ്ങൾക്കും മറ്റ് സ്ഥാപനങ്ങൾക്കും വ്യത്യസ്ത രീതിയിലുള്ള നിരക്കുകളാണ് ഈടാക്കുന്നത് എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഐ. ടി. വിദ്യാഭ്യാസത്തിന്റെ ഭാഗമായി വിദ്യാലയങ്ങളിൽ കമ്പ്യൂട്ടർ ഉപകരണങ്ങൾ കൂടുതൽ പ്രവർത്തിപ്പിക്കുന്നതുമൂലം വൈദ്യുതിയുടെ ഉപയോഗം വിദ്യാലയങ്ങളിൽ കൂടുതലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) വിദ്യാലയങ്ങളിൽ നിന്നും ഈടാക്കുന്ന വൈദ്യുതി നിരക്ക് ഗാർഹിക വൈദ്യുതി നിരക്കാക്കി വിദ്യാലയങ്ങളെ സഹായിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് വൈദ്യുതി ഉപഭോക്താക്കളിൽ നിന്നും ഈടാക്കുന്ന നിരക്കുകൾ നിശ്ചയിച്ചുകൊണ്ട് ബോർഡ് 24-10-2002-ൽ പുറപ്പെടുവിച്ചിട്ടുള്ള വിജ്ഞാപനം അനുബന്ധമായി ചേർത്തിരിക്കുന്നു. †

(ബി) ഉണ്ട്.

(സി) വൈദ്യുതി ഉപഭോഗം കൂടുതലാകാൻ സാദ്ധ്യതയുണ്ട്.

(ഡി) സംസ്ഥാനത്ത് ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷൻ നിലവിൽ വന്നതോടുകൂടി വൈദ്യുതി നിരക്ക് നിശ്ചയിക്കുന്നതിനും നിരക്കുകളിൽ മാറ്റം വരുത്തുന്നതിനുമുള്ള അധികാരം കമ്മീഷനിൽ മാത്രമാണ് നിക്ഷിപ്തമായിരിക്കുന്നത്.

ഇലക്ട്രോണിക് മീറ്റർ

15 [2004] ശ്രീ. എം. പ്രകാശൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡ് വീടുകളിൽ സ്ഥാപിക്കുന്നതിനായി എത്ര ഇലക്ട്രോണിക് മീറ്ററുകൾ വാങ്ങിയിട്ടുണ്ട്;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly